ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 20.04.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ലോക്സഭാ തെരഞ്ഞെടുപ്പിന്റെ മൂന്നാം ഘട്ടത്തിനുള്ള നാമനിർദേശ പത്രികകളുടെ സൂക്ഷ്മപരിശോധന അവസാനിച്ചു. പത്രിക പിൻവലിക്കാൻ സമയപരിധി മറ്റന്നാൾ വരെ.

   **The scrutiny of nominations for the third phase of Loksabha elections ended. The candidates can withdraw the nominations till Monday.**

2. കേരളത്തിൽ തിരഞ്ഞെടുപ്പ് പ്രചാരണത്തിന് ആവേശം പകരാൻ ദേശീയ നേതാക്കൾ രംഗത്ത്. സ്ഥാനാർത്ഥികളുടെ മണ്ഡല പര്യടനം സജീവം.

   **Election campaigns in Kerala gains momentum as National leaders of all parties comes in person for seeking votes for the candidates**

3. ഇ പിഎഫ് ഒയിൽ ഈ വർഷം പുതുതായി ചേർന്നത് ഏഴര ലക്ഷത്തിലേറെ പേർ. പുതിയ അംഗങ്ങളിൽ പകുതിയിലധികം പേരും 25 വയസിന് താഴെ പ്രായമുള്ളവർ.

   **7.78 lakh new members have been enrolled in EPFO with more than 50 percent of them aged below 25 years**

4. ഏഷ്യൻ ഒളിമ്പിക്സ് യോഗ്യതാ മത്സരത്തിൽ ഇന്ത്യൻ വനിതാ ഗുസ്തി താരങ്ങൾ സെമിയിൽ.

   **Indian women wrestlers have advanced to semifinals in the Asian Olympic Game Qualifier.**

5. ഐപിഎല്ലിൽ ഇന്ന് ഡൽഹി ക്യാപ്പിറ്റൽസ് സൺ റൈസേഴ്സ് ഹൈദരാബാദിനെ നേരിടുന്നു. ഐഎസ്എൽ ഫുട്ബോളിൽ എഫ്സി ഗോവ, ചെന്നൈയിൻ എഫ്സി പോരാട്ടം.

**In IPL cricket, Delhi Capitals and Sunrisers Hyderabad match is underway. While in ISL Football FC Goa is facing Chennayin FC,**

## THIRD PHASE ELECTION SCRUTINY

രാജ്യത്ത് ലോക്സഭാ തെരഞ്ഞെടുപ്പിൻറെ മൂന്നാം ഘട്ടത്തിനുള്ള നാമനിർദേശ പത്രികകളുടെ സൂക്ഷ്മപരിശോധന അവസാനിച്ചു. തിങ്കളാഴ്ചയാണ് സ്ഥാനാർത്ഥിത്വം പിൻവലിക്കാനുള്ള അവസാന ദിവസം. പത്രിക സമർപ്പിക്കാനുളള അവസാന തീയതി ഇന്നലെ യായിരുന്നു. മൂന്നാം ഘട്ടത്തിൽ 10 സംസ്ഥാനങ്ങളിലെയും രണ്ട് കേന്ദ്രഭരണ പ്രദേശങ്ങളിലെയും 94 പാർലമെൻറ് സീറ്റുകളി ലേക്കാണ് വോട്ടെടുപ്പ് നടക്കുക. മെയ് ഏഴിനാണ് വോട്ടെടുപ്പ്.

## ELECTION KERALAM

കേരളത്തിൽ 20 ലോക്സഭാ മണ്ഡലങ്ങളിലേക്കുള്ള വോട്ടെടുപ്പിന് ഇനി 5 ദിവസം മാത്രം. മൂന്ന് മുന്നണികളുടെയും സംസ്ഥാന - ദേശീയ നേതാക്കൾ വിവിധയിടങ്ങളിൽ പ്രചാരണ പരിപാടികളിൽ പങ്കെടുക്കുന്നുണ്ട്. തിരുവനന്തപുരത്തെ എൻഡിഎ സ്ഥാനാർത്ഥിയും കേന്ദ്ര സഹമന്ത്രിയുമായ രാജീവ് ചന്ദ്രശേഖറിനെ പിന്തുണച്ച് ഇന്ന് സംഘടിപ്പിച്ച അനന്തപുരി മഹിളാ കൂട്ടായ്മയിൽ തമിഴ് നാട്ടിൽ നിന്നുള്ള ബി.ജെ.പി നേതാവ് വിജയധരണി സംസാരിച്ചു. കവടിയാർ ഉദയ് പാലസിൽ സംഘടിപ്പിച്ച സ്റ്റുഡൻറ്സ് കോൺക്ലേവിനെ ശ്രീ രാജീവ് ചന്ദ്രശേഖർ അഭിസംബോധന ചെയ്തു. ചാലക്കുടി ലോക്സഭാ മണ്ഡലത്തിലും പത്തനംതിട്ടയിലും നടന്ന പൊതു സമ്മേളനത്തെ എഐസിസി ജനറൽ സെക്രട്ടറി

പ്രിയങ്കാഗാന്ധി അഭിസംബോധന ചെയ്യും. തിരുവനന്തപുരത്ത് കോൺഗ്രസ് സ്ഥാനാർഥി ശശി തരൂരിൻറെ പ്രചരണാർത്ഥം നടത്തുന്ന റോഡ് ഷോയിലും ശ്രീമതി പ്രിയങ്ക പങ്കെടുത്തു. എൽഡിഎഫ് സ്ഥാനാർത്ഥിക്ക് പിന്തുണയുമായി സിപിഐഎം പോളിറ്റ് ബ്യൂറോ അംഗം ബൃന്ദ കാരാട്ട് ഇന്ന് തൃശ്ശൂരിൽ വിവിധ പ്രചാരണ പരിപാടികളിൽ പങ്കെടുത്തു. സി.പി.ഐ ദേശീയ ജനറൽ സെക്രട്ടറി ഡി.രാജ മാനന്തവാടിയിൽ എൽ.ഡിഎഫി നായി പ്രചാരണ യോഗത്തിൽ പങ്കെടുത്തു. സി പി എം ജനറൽ സെക്രട്ടറി സീതാറാം യെച്ചൂരി ആലപ്പുഴയിലും മുഖ്യമന്ത്രി പിണറായി വിജയൻ വടകരയിലും തിരഞ്ഞെടുപ്പ് പരിപാടികളിൽ സംസാരിച്ചു.

## 2ND PHASE ELECTION (INTRO)

ഈ മാസം 26 നു നടക്കുന്ന രണ്ടാംഘട്ട ലോക്സഭാ തെരഞ്ഞെടുപ്പിനായുള്ള പ്രചാരണം ഊർജ്ജിതമായി പുരോഗമി ക്കുന്നു. വിവിധ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശ ങ്ങളിലുമായി 88 പാർലമെൻററി സീറ്റുകളിലേക്കാണ് രണ്ടാംഘട്ട തെരഞ്ഞെടുപ്പ് നടക്കുക.

ഒരു റിപ്പോർട്ട്....

കേരളത്തിൽ നിന്ന് ഇരുപത്, കർണാടകയിൽ നിന്ന് പതിന്നാല്, രാജസ്ഥാനിൽ നിന്ന് പതിമൂന്ന്, മഹാരാഷ്ട്ര, ഉത്തർപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ നിന്ന് 8 വീതം ലോക്സഭാ മണ്ഡലങ്ങളാണ് രണ്ടാം ഘട്ടത്തിൽ വിധിയെഴുതുക. ഇതിനു പുറമെ അസം, ബിഹാർ എന്നിവിടങ്ങളിൽ നിന്ന് അഞ്ചു വീതം മണ്ഡലങ്ങളിലും, പശ്ചിമ ബംഗാൾ, ഛത്തിസ്ഗഢ് എന്നിവിടങ്ങളിൽ നിന്ന് 3 വീതം സീറ്റുകളിലേക്കും ത്രിപുര, ജമ്മു കാശ്മീർ എന്നിവിടങ്ങളിലെ ഒരു സീറ്റിലും രണ്ടാം ഘട്ടത്തിൽ തിരഞ്ഞെടുപ്പ് നടക്കും. എല്ലാ മണ്ഡലങ്ങളിലും മുന്നണികൾ തിരഞ്ഞെടുപ്പ് പ്രചാരണം ഊർജ്ജിതമാക്കിയിട്ടുണ്ട്. ജൂൺ നാലിനാണ് വോട്ടെണ്ണൽ.

## PM CHIKKABALLAPUR

പ്രധാനമന്ത്രി നരേന്ദ്ര മോദി കർണാടകയിലെ ചിക്കബെല്ലാപൂരിൽ നടന്ന തിരഞ്ഞെടുപ്പ് റാലിയെ അഭിസംബോധന ചെയ്തു. ജെ ഡി എസ് നേതാവ് ദേവ് ഗൗഡയും പരിപാടിയിൽ പങ്കെടുത്തു. ഏപ്രിൽ 26 ന് നടക്കുന്ന രണ്ടാംഘട്ട തെരഞ്ഞെടുപ്പിലാണ് ചിക്കബെല്ലാപൂർ വിധി യെഴുതുക. മഹാരാഷ്ട്രയിലെ പർഭണി, നന്ദേദ് എന്നിവിട ങ്ങളിലും പ്രധാനമന്ത്രി നരേന്ദ്ര മോദി തിരഞ്ഞെടുപ്പ് റാലിയിൽ പങ്കെടുത്തു. പരമാവധി വോട്ടർമാർ ജനാധിപത്യത്തിന്റെ മഹോത്സവത്തിൽ പങ്കെടുക്കണമെന്ന് ശ്രീ മോദി ആവശ്യപ്പെട്ടു. കർണാടക മുഖ്യമന്ത്രി സിദ്ധരാമയ്യ, ഉപമുഖ്യമന്ത്രി ഡി കെ ശിവകുമാർ എന്നിവർ മാന്ദ്യയിലും തിരഞ്ഞെടുപ്പ് പ്രചാരണ പരിപാടികളിൽ സജീവമാണ്.

## BIHAR CAMPAIGNING

ബിഹാറിൽ തിരെഞ്ഞെടുപ്പ് പ്രചാരണം ഊർജ്ജിതം. കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി ബിഹാറിൽ ലോക്സഭാ തിരഞ്ഞെടുപ്പിനുള്ള റാലിയെ അഭിസംബോധന ചെയ്തു. ചില വ്യവസായികൾക്കുവേണ്ടി മാത്രമാണ് എൻഡിഎ സർക്കാർ പ്രവർത്തിച്ചതെന്നു രാഹുൽ ഗാന്ധി ആരോപിച്ചു. I.N.D.I. സഖ്യം ദരിദ്രരുടെയും നിരാലംബരുടെയും സംരക്ഷണത്തിനായി പ്രവർത്തിക്കും. തൊഴിലില്ലായ്മയ്ക്ക് ശാശ്വതമായ പരിഹാരത്തിനായി സഖ്യം പ്രവർത്തിക്കുമെന്നും അദ്ദേഹം പറഞ്ഞു. ബിഹാറിലെ ജനങ്ങളുടെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കാൻ എൻഡിഎയ്ക്ക് മാത്രമേ കഴിയൂവെന്ന് മുതിർന്ന ബിജെപി നേതാവ് മംഗൾ പാണ്ഡെ പറഞ്ഞു.

## CEO KERALA

മുതിർന്ന പൗരന്മാർക്കും ഭിന്നശേഷിക്കാർക്കും വീട്ടിൽ വോട്ട് ചെയ്യാൻ സൗകര്യമൊരുക്കുന്ന പ്രക്രിയയിൽ വീഴ്ചകൾ അനുവദിക്കില്ലെന്ന് മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ. വീട്ടിൽ വോട്ട് നടപടികൾ പൂർത്തീകരിക്കുമ്പോൾ തിരഞ്ഞെടുപ്പ് പ്രക്രിയയുടെ അന്തസത്ത കാത്തുസൂക്ഷിക്കുന്നവിധം ജാഗ്രത യോടെ ഉദ്യോഗസ്ഥർ പ്രവർത്തിക്കണമെന്നും മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർ അറിയിച്ചു.

## EPFO- DATA

കഴിഞ്ഞ ഫെബ്രുവരിയിൽ 15.48 ലക്ഷം പേർക്ക് അംഗത്വം നൽകിയതായി എംപ്ലോയ്മെൻറ് പ്രോവിഡൻറ് ഫണ്ട് ഓർഗനൈസേഷൻ അറിയിച്ചു. ഇതിൽ 7.78 ലക്ഷത്തോളം പുതിയ അംഗങ്ങളാണ്. പുതുതായി കൂട്ടിച്ചേർത്തവരിൽ 56.36 ശതമാനവും 25 വയസ്സിൽ താഴെ പ്രായമുള്ളവരാണ്. 11.78 ലക്ഷം പേർ ഇ പി എഫ് ഒ യിൽ നിന്ന് പിൻവാങ്ങിയെങ്കിലും പിന്നീട് തിരിച്ചെത്തിയ വരാണ്. പുതുതായി അംഗത്വം എടുത്ത 7.78 ലക്ഷം അംഗങ്ങളിൽ രണ്ട് ലക്ഷത്തിലധികം സ്ത്രീകളാണ്.

## IRDAI

ആരോഗ്യ ഇൻഷുറൻസ് പോളിസികൾ എടുക്കുന്നതിനുള്ള പ്രായപരിധി ഒഴിവാക്കിയതായി റിപ്പോർട്ട്. 2024 ഏപ്രിൽ 1 മുതൽ, പ്രായം പരിഗണിക്കാതെ ആർക്കും പുതിയ ആരോഗ്യ ഇൻഷുറൻസ് എടുക്കാൻ അർഹതയുണ്ടെന്ന് ഇൻഷുറൻസ് റെഗുലേറ്ററി ആൻഡ് ഡെവലപ്മെൻ്റ് അതോറിറ്റി ഓഫ് ഇന്ത്യ പ്രസ്താവന ഇറക്കി. മുൻപ്, 65 വയസ്സ് വരെ പ്രായമുള്ളവർക്ക് മാത്രമേ പുതിയ ഇൻഷുറൻസ് പോളിസികൾ എടുക്കാൻ അർഹതയുണ്ടായിരുന്നുള്ളൂ.

## ODISHA BOAT MISHAP

ഒഡീഷയിൽ ജാർസുഗുഡ ജില്ലയിലുണ്ടായ ബോട്ട് അപകടത്തിൽ മരിച്ചവരുടെ എണ്ണം ഏഴായി. ബോട്ടിൽ 50-ലധികം പേര് ഉണ്ടായിരുന്നതായാണ് വിവരം. കാണാതായവരെ കണ്ടെത്താനുള്ള ശ്രമം പുരോഗമിക്കുകയാണ്. ബോട്ടിലുണ്ടായിരുന്നവരെല്ലാം അയൽ സംസ്ഥാനമായ ഛത്തീസ്ഗഢിൽ നിന്നുള്ളവരാണ്.

## PREZ-VP- BOAT

ഒഡീഷയിലെ മഹാനദി നദിയിൽ ബോട്ട് മറിഞ്ഞുണ്ടായ അപകടത്തിൽ രാഷ്ട്രപതി ദ്രൗപതി മുർമുവും ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖറും ദുഃഖം രേഖപ്പെടുത്തി. മരണമടഞ്ഞവരുടെ കുടുംബങ്ങളെ അനുശോചനം അറിയിച്ച രാഷ്ട്രപതി പരിക്കേറ്റവർ വേഗത്തിൽ സുഖം പ്രാപിക്കാൻ പ്രാർത്ഥിക്കുന്നുവെന്നും സമൂഹ മാധ്യമത്തിൽ കുറിച്ചു. ദാരുണമായ സംഭവത്തിൽ അതിയായ ദുഃഖമുണ്ടെന്ന് രേഖപ്പെടുത്തിയ ഉപരാഷ്ട്രപതി പരിക്കേറ്റവർ വേഗത്തിൽ സുഖം പ്രാപിക്കട്ടെയെന്നും പറഞ്ഞു.

## WOMEN WRESTLER

കിർഗിസ്ഥാനിലെ ബിഷ്കെക്കിൽ നടക്കുന്ന ഏഷ്യൻ ഒളിമ്പിക് യോഗ്യതാ മത്സരത്തിൽ ഇന്ത്യൻ വനിതാ ഗുസ്തി താരങ്ങളായ വിനേഷ് ഫോഗട്ട്, അൻഷു മല്ലിക്, റീതിക, മാൻസി എന്നിവർ സെമിയിൽ കടന്നു. 2021ലെ ലോക ചാമ്പ്യൻഷിപ്പ് വെള്ളി മെഡൽ ജേതാവായ അൻഷു മല്ലിക് കംബോഡിയയുടെ സ്മാനങ്ഡിറ്റിനെയാണ് പരാജയപ്പെടുത്തിയത്. കൊറിയൻ താരം മിറാൻ ചിയോണിനെയാണ് വിനേഷ് പരാജയപ്പെടുത്തിയത്. അണ്ടർ 23 ലോക ചാമ്പ്യൻ റീതിക ചൈനീസ് താരം ജുവാങ് വാങിനെ മറികടന്നാണ് സെമിയിൽ കടന്നത്. കസാക്കിസ്ഥാന്റെ ഐറിന

കുസ്നെറ്റ്സോവയെ തോൽപ്പിച്ചാണ് മാൻസി അവസാന നാലിൽ ഇടംപിടിച്ചത്.

## IPL

ഐപിഎൽ ക്രിക്കറ്റിൽ ടോസ് നേടിയ ഡൽഹി ക്യാപ്പിറ്റൽസ് സൺ റൈസേഴ്സ് ഹൈദരാബാദിനെ ബാറ്റിംഗിനയച്ചു. ന്യൂഡൽഹി യിലെ അരുൺ ജയിറ്റ്ലി സ്റ്റേഡിയത്തിൽ ആണ് മത്സരം. പോയിൻറ് പട്ടികയിൽ ഹൈദരാബാദ് നാലാമതും ഡൽഹി ക്യാപ്പിറ്റൽസ് ആറാമതുമാണ്.

## ISL

ഐഎസ്എല്ലിൽ ഇന്ന് എഫ്സി ഗോവ, ചെന്നൈയിൻ എഫ്സിയെ നേരിടും. അല്പ സമയത്തിനകം ഗോവയിലെ ഫത്തോർഡ സ്റ്റേഡിയത്തിലാണ് മത്സരം. ഇന്നലെ നടന്ന പ്ലേഓഫ് മത്സരത്തിൽ കേരളാ ബ്ലാസ്റ്റേഴ്സ്-ഒഡീഷയോട് പരാജയപ്പെട്ട്, സെമി കാണാതെ പുറത്തായി.

## CJI-CONFERENCE

പുതിയ ക്രിമിനൽ നിയമങ്ങൾ നടപ്പാക്കുന്നതിലൂടെ രാജ്യം പുതിയ മാറ്റങ്ങളിലൂടെ മുന്നോട്ട് പോകുകയാണെന്നd ചീഫ് ജസ്റ്റിസ് ഡി വൈ ചന്ദ്രചൂഡ് പറഞ്ഞു. ഭാരതീയ ന്യായ സൻഹിത, ഭാരതീയ നാഗ്രിക് സുരക്ഷാ സൻഹിത, ഭാരതീയ സാക്ഷ്യ അധീനിയം എന്നീ മൂന്ന് ക്രിമിനൽ നിയമങ്ങൾ പ്രാബല്യത്തിൽ വരുന്നതോടെ രാജ്യത്തെ ക്രിമിനൽ നീതിന്യായ വ്യവസ്ഥ പരിഷ്കരണത്തിന് ഒരുങ്ങുകയാണ്. ഈ നിയമങ്ങൾ ക്രിമിനൽ നീതി വ്യവസ്ഥയെ ഒരു പുതിയ യുഗത്തിലേക്ക് എത്തിക്കുമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

ന്യൂഡൽഹിയിൽ ഒരു സമ്മേളനത്തെ അഭിസംബോധന ചെയ്യുക യായിരുന്നു ചീഫ് ജസ്റ്റിസ് .

ꕥꕥꕥꕥꕥꕥꕥꕥꕥꕥꕥꕥ

## WEATHER

സംസ്ഥാനത്ത് വേനൽ ചൂട് രൂക്ഷമായി തുടരുന്ന സാഹചര്യ ത്തിൽ വിവിധ ജില്ലകളിൽ കാലാവസ്ഥ വകുപ്പ് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. പാലക്കാട് 39 ഡിഗ്രി സെൽഷ്യസും ആലപ്പുഴ 38 ഡിഗ്രി സെൽഷ്യസും, കൊല്ലം, പത്തനംതിട്ട തൃശൂർ, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ 37 ഡിഗ്രി സെൽഷ്യസും താപനില യാണ് ഇന്ന് രേഖപ്പെടുത്തിയിട്ടുള്ളത്. കർണാടക, ലക്ഷദ്വീപ്, ഗോവ, കൊങ്കൺ തീരങ്ങളിൽ ശക്തമായ കാറ്റിനും ഉയർന്ന തിരമാലയ്ക്കും സാധ്യതയുള്ളതിനാൽ മത്സ്യബന്ധനത്തിന് വിലക്കുണ്ട്. അതേസമയം സംസ്ഥാനത്തെ എല്ലാ ജില്ലകളിലും വേനൽ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കാലാവസ്ഥ വകുപ്പ് അറിയിച്ചു.

ꕥꕥꕥꕥꕥꕥꕥꕥꕥꕥꕥꕥ

## MALDIVES ELECTION

മാൽദീവ്സ് പാർലമെൻററി തെരഞ്ഞെടുപ്പ് നാളെ. 8 രാഷ്ട്രീയ പാർട്ടികളിൽ നിന്നായി 368 സ്ഥാനാർത്ഥികളാണ് പീപ്പിൾസ് മജ്‌ലിസിലെ 93 സീറ്റുകളിലേക്ക് നടക്കുന്ന തിരഞ്ഞെടുപ്പിൽ ജനവിധി തേടുന്നത്. 602 പോളിങ് സ്റ്റേഷനുകളാണ് ഇതിനായി മാൽദീവ്സിൽ സജ്ജമാക്കിയിട്ടുള്ളത്. ഇതിനുപുറമെ കൊളംബോ, തിരുവനന്തപുരം, ക്വാലാലംപൂർ എന്നിവിടങ്ങളിലും ഓരോ പോളിങ് സ്റ്റേഷൻ സജ്ജീകരിച്ചിട്ടുണ്ട്.

ꕥꕥꕥꕥꕥꕥꕥꕥꕥꕥꕥꕥ

## SISODIA JUDGEMENT

മദ്യനയ അഴിമതി കേസുമായി ബന്ധപ്പെട്ട് അറസ്റ്റിലായ ഡൽഹി മുൻ ഉപമുഖ്യമന്ത്രി മനീഷ് സിസോദിയ സമർപ്പിച്ച

ജാമ്യാപേക്ഷയിൽ വിധി പറയുന്നത് ഈ മാസം 30 ലേക്ക് മാറ്റി. റൗസ് അവന്യൂ കോടതിയിലെ പ്രത്യേക ജഡ്ജി കാവേരി ബവേജയുടേതാണ് ഉത്തരവ്. ഇഡി, സിബിഐ കേസുകളിൽ സുപ്രീം കോടതിയും ഡൽഹി ഹൈക്കോടതിയും വിചാരണക്കോടതിയും അദ്ദേഹത്തിന് ജാമ്യം നിഷേധിച്ചിരുന്നു. തിരഞ്ഞെടുപ്പ് പ്രചാരണത്തിനായാണ് അദ്ദേഹം ഇടക്കാല ജാമ്യം തേടിയത്.

## BIRD FLU

ആലപ്പുഴ ജില്ലയിൽ പക്ഷിപ്പനി റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ പൊതുജനാരോഗ്യ നിയമ പ്രകാരമുള്ള നടപടികൾ സ്വീകരിക്കാൻ മന്ത്രി വീണാ ജോർജ് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദേശം നൽകി.